**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3916** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഡി ജി പി ക്കു നൽകിയ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ അഞ്ചൽ വയല കൊടിവിള വീട്ടിൽ അബ്ദുൽ സലാമിനെ അദ്ദേഹത്തിന്റെ മകൻ റജി ശാരീരികമായി ഉപദ്രവിക്കുന്നുവെന്ന് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ വിഷയം സംബന്ധിച്ച് അബ്ദുൽ സലാം 26.11.2022-ൽ കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 1860/2022 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. 28.01.2023-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേലും കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി മുഖാന്തി രം അന്വേഷണം നടത്തിയിട്ടുണ്ട്.മേൽ കേസിൽ പ്രതിക്കെതിരെ Sec 323, 294(b) IPC & Sec 24 of Maintenance and welfare of parents and Senior Citizens Act 2007 പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തി പ്രതിയുടെ പൂർണ്ണ വിവരങ്ങൾ ചേർത്ത് കേസന്വേഷണം പൂർത്തിയാക്കി 18.02.2023ൽ ബഹു. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അബ്ദുൽസലാം 28.01.2023-ൽ ഡി.ജി.പി.ക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പ്രസ്തുത പരാതിയിന്മേൽ പ്രതിയുടെ പേരില്ലാതെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | അബ്ദുൽ സലാമിന്റെ പേരിലുണ്ടായിരുന്ന സ്ഥലം മകൻ റജി വ്യാജ പ്രമാണം ചമച്ച് തട്ടിയെടുത്തുവെന്ന പരാതിയിന്മേൽ കടയ്ക്കൽ പോലീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരാതികൾ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ